(ബി) 16 കോടി 62 ലക്ഷം രൂപ പ്രജനന ശിശു ആരോഗ്യ പദ്ധതിക്കായും 15 കോടി 42 ലക്ഷം രൂപ പ്രജനന ശിശു ആരോഗ്യ ഉപ പദ്ധതിക്കായും ലഭിച്ചിട്ടുണ്ട്. എന്നാൽ 810.4 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്ടിനും മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള 128 കോടി രൂപയുടെ പദ്ധതിക്കും ഇതുവരെ ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി

98 [816] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എത്ര പ്രോജക്ടുകളാണ് നബാർഡിന് സമർപ്പിച്ചത്;

(സി) ഏതെല്ലാം പ്രോജക്ടുകൾക്കാണ് നബാർഡ് അംഗീകാരം നൽകിയത്;

(ഡി) അംഗീകാരം ലഭിച്ച കോഴിക്കോട് ജില്ലയിലെ പ്രോജക്ടുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആരോഗ്യവകുപ്പ് 2002-03 വർഷത്തിൽ 435 പ്രോജക്ടുകളും 2003-04-ൽ 294 പ്രോജക്ടുകളും പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 2003-04 വർഷത്തിൽ ആയുർവ്വേദ വകുപ്പ് 98 പ്രോജക്ടുകളും ഹോമിയോപ്പതി വകുപ്പ് 20 പ്രോജക്ടുകളും പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇവ സർക്കാരിന്റെ വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

(സി, ഡി) നബാർഡ് ഇതുവരെ അംഗീകാരം നൽകിയിട്ടില്ല.

ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടികളുടെ പ്രവർത്തനം

99 [817] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് എത്ര ലക്ഷം രൂപ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ജില്ലയിലും ഏതെല്ലാം സംഘടനകൾക്ക് എത്ര തുക വീതം 1992 മുതൽ 1997 വരെയും 1997 മുതൽ നാളിതുവരെയും നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ പല സംഘടനകളും കടലാസ് സംഘടനകളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സന്നദ്ധ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നത് ആരാണ്; പരിശോധനയിൽ പ്രവർത്തിക്കാത്ത സംഘടനകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏവ;

(ഡി) വ്യക്തികളുടെ പേരിൽ എയ്ഡ്സ് നിയന്ത്രണ പരിപാടികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം;

(ഇ) ഇത്തരം സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും പ്രവർത്തന മേഖല എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നൂറ്റിഇരുപത്തിരണ്ട് (122) ലക്ഷം രൂപ.

(ബി) 1996 മുതൽക്കാണ് എയ്ഡ്സ് നിയന്ത്രണ പരിപാടികൾക്കായി സന്നദ്ധ സംഘടനകൾക്ക് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽനിന്ന് ധനസഹായം നൽകി തുടങ്ങിയത്. ഇത് സംബന്ധിച്ചുള്ള വിശദമായ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.† ഈ സംഘടനകളൊന്നുംതന്നെ കടലാസ് സംഘടനകൾ അല്ല.

(സി) സന്നദ്ധസംഘടനകളുടെ പ്രവർത്തനം എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നേരിട്ട് നിരീക്ഷിക്കുന്നുണ്ട്. പ്രവർത്തിക്കാത്ത സംഘടനകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗരതിക്കാർ, ജയിലിലെ അന്തേവാസികൾ തുടങ്ങിയവരുടെ സ്വഭാവ വ്യതിയാനത്തിനുള്ള പ്രവർത്തനങ്ങളും ലൈംഗിക രോഗ നിയന്ത്രണത്തിനായുള്ള മരുന്നുകളും ഉറകളും വിതരണം ചെയ്യുക, എയ്ഡ്സ് രോഗത്തിനെതിരായുള്ള ബോധവൽക്കരണം എന്നിവയുമാണ് സന്നദ്ധ സംഘടനകളുടെ പ്രവർത്തന മേഖലകൾ. ഇവയിൽ രണ്ടു സംഘടനകൾ അത്യാസന്ന നിലയിലുള്ള എയ്ഡ്സ് രോഗികൾക്ക് പരിചരണവും ശുശ്രൂഷയും നൽകുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly